"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- സംസ്ഥാനത്ത് 2023 വർഷത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിന് തനതു/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1153/2023/LSGD തീയതി,തിരുവനന്തപുരം, 02-06-2023

---

പരാമർശം:- 1. 06/03/2023-ലെ സ.ഉ. (സാധാ) 564/2023/തസ്വഭവ നമ്പർ ഉത്തരവ്

2. കണ്ണൂർ ജില്ലാ കളക്ടറുടെ 01.06.2023 ലെ DDP-KNR/953/2021-D2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിന് 2023 മെയ് 31 വരെ തനതു/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ 2023 മെയ് 31 ന് ശേഷവും സംസ്ഥാനത്ത് കാലവർഷം ആരംഭിച്ചിട്ടില്ലാത്തതിനാൽ കണ്ണൂർ ജില്ലയിലെ 29 ഗ്രാമ പഞ്ചായത്തുകളിലും 7 നഗരസഭകളിലും കുടിവെള്ള വിതരണത്തിനുള്ള അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് കണ്ണൂർ ജില്ലാകളക്ടർ പരാമർശം 2 പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി തുടരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 01.06.2023 മുതൽ രണ്ടാഴ്ചത്തേക്കോ അല്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ മഴ ലഭിക്കുന്നത് വരെയോ ഏതാണോ ആദ്യം എന്ന ക്രമത്തിൽ പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. സംസ്ഥാനത്ത് ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇപ്രകാരം കുടിവെള്ള വിതരണത്തിന്റെ കാലാവധി ദീർഘിപ്പിക്കേണ്ടത് എന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ തീരുമാനിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അലക്സ് വർഗീസ് ഐഎഎസ്
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണം വകുപ്പ് മുഖേന )

എല്ലാ നഗരസഭകൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണം വകുപ്പ് മുഖേന )

എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണം വകുപ്പ് മുഖേന )
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി
റവന്യൂ (സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II ) കേരളം തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Madhusoodhanan V
Date: 02-06-2023 17:05:32
സെക്ഷൻ ഓഫീസർ

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്